**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **26-06-2024 - ൽ മറുപടിയ്ക്ക്**

**പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡിന്റെ വിശദമായ സർവ്വേ ആരംഭിക്കുന്നതിനായി 06/01/2024 തിയ്യതിയിൽ പെരുവണ്ണാമുഴി ഐ.ബി-യിൽ വെച്ച് ചേർന്ന റവന്യൂ, പൊതുമരാമത്ത്, വനം വകുപ്പുകളുടെ സംയുക്തയോഗത്തിൽ ബഹു. പേരാമ്പ്ര എം.എൽ.എ ശ്രീ. ടി.പി. രാമകൃഷ്ണൻ നിർദ്ദേശിച്ച പ്രകാരം പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് റവന്യൂ, പൊതുമരാമത്ത്, വനം, പോലീസ് വകുപ്പുകളുടെ സംയുക്ത സ്ഥല പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തുകയും ചെയ്തു. തുടർന്ന് ജനറൽ ഇൻവെസ്റ്റിഗേഷൻ വർക്ക് **2023-2024 Improvements Poozhithode Padinjarathara road between Km 0/000 to 27/225** ഇൻവെസ്റ്റിഗേഷൻ വർക്ക് എന്ന പ്രവൃത്തിക്ക് 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കോഴിക്കോട് നിരത്ത് മേഖലാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ